اللغة
المليبارية

# നമസ്കാരത്തിന്റെ പ്രാധാന്യം



ഡോ. സഈദ് ബിൻ വഹഫ്
അൽ ഖഹ്താനി

വിവ: ടികെ. ഉമർ കോയ മദീനി

# منزلة الصلاة في الإسلام

## في ضوء الكتاب والسنة

# നമസ്കാരത്തിന്റെ പ്രാധാന്യം

تأليف : د/ سعيد بن علي بن وهف القحطاني
الترجمة : عمر كويا محي الدين

ഡോ. സഈദ് ബിൻ വഹഫ്
അൽ ഖഹ്താനി

വിവ: ടികെ. ഉമർ കോയ മദീനി

بسم الله الرحمن الرحيم

« إن الحَمـد لله ، نحمـده و نَسْـتَعِينُهُ وَنَسْـتَغْفِرُهُ وَنَعُوذُ بِا لله مِنْ شُرُورِ أَنْفُسِنَا و سيئات أعمالنا ، مَنْ يَهْدِ الله فَلاَ مُضِلَّ لَهُ وَمَنْ يُضْلِلْ فَلاَ هَادِيَ لَهُ، وَأَشْهَدُ أَنْ لاَ إِلَهَ إِلاَّ الله، وَأَشْهَدُ أَنَّ مُحَمَّداً عَبْدُهُ وَرَسُولُهُ

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ ٱتَّقُوا۟ ٱللَّهَ حَقَّ تُقَاتِهِۦ وَلَا تَمُوتُنَّ إِلَّا وَأَنتُم مُّسْلِمُونَ ﴿١٠٢﴾

يَٰٓأَيُّهَا ٱلنَّاسُ ٱتَّقُوا۟ رَبَّكُمُ ٱلَّذِى خَلَقَكُم مِّن نَّفْسٍ وَٰحِدَةٍ وَخَلَقَ مِنْهَا زَوْجَهَا وَبَثَّ مِنْهُمَا رِجَالًا كَثِيرًا وَنِسَآءً ۚ وَٱتَّقُوا۟ ٱللَّهَ ٱلَّذِى تَسَآءَلُونَ بِهِۦ وَٱلْأَرْحَامَ ۚ إِنَّ ٱللَّهَ كَانَ عَلَيْكُمْ رَقِيبًا ﴿١﴾

أَمَّا بَعْدُ؛ فَإِنَّ أَصْدَقَ الْحَدِيثَ كِتَابُ اللَّهِ وَأَحْسَنَ الْهَدْيِ هَدْيُ مُحَمَّدٍ وَشَرُّ الأُمُورِ مُحْدَثَاتُهَا وَكُلُّ مُحْدَثَةٍ بِدْعَةٌ وَكُلُّ بِدْعَةٍ ضَلاَلَةٌ وَكُلُّ ضَلاَلَةٍ فِي النَّارِ

ഇസ്ലാമിൽ നമസ്കാരത്തിനുള്ള പ്രാധാന്യം വ്യക്തമാക്കിക്കാണിക്കുന്ന ഒരു ലഘു സന്ദേശമാണിത്, നമസ്കാരത്തിൻെറ ഉദ്ദേശ്യം, സ്ഥാനം പദവി, പ്രത്യേത കൾ അതുപേക്ഷിക്കുന്നതിൻെറ വിധി തുടങ്ങിയവ വിശു

ദ്ധ ഖുർആനിന്റെയും പ്രവാചകചര്യയുടെയും അടിസ്ഥാനത്തിൽ ഇതിൽ വിവരിക്കാൻ ശ്രമിച്ചിട്ടുണ്ട്. ഇതിൽ എന്റെ കാര്യമായ അവലംഭം ശൈഖുമാരായ ഇബ്നിൻ ബാസ് ഇബ്നിൻ ഉഥൈമീൻ (ഇരുവരെയും അല്ലാഹു അവന്റെ സ്വർഗ്ഗീയാരാമത്തിൽ ഒരുമിച്ചു കൂട്ടുമാറാകട്ടെ) എന്നിവരുടെ കൃതികളാണ്.

ലളിതമെങ്കിലും ഇതിൽ അനുഗ്രഹം ചൊരിയട്ടേയെന്നും അവന്റെ പ്രീതിമാത്രം കാംക്ഷിച്ചുള്ളതാകട്ടേയെന്നും ഞാൻ അല്ലാഹുവിനോട് തേടുന്നു, എന്റെ ജീവിത കാലത്തും മരണ ശേഷവും, എനിക്കും അതു വായിക്കുന്നവർക്കുമെല്ലാം പ്രയോജന പ്രഥമാകുന്നതാവുകയും ചെയ്യുമാറാകട്ടേ, അവനിൽ നന്നായി പ്രതീ ക്ഷയർപ്പിക്കുകയും അവനോട് എമ്പാടും ചോദിക്കുകയുമാവമല്ലോ, അവനെക്കൊണ്ടല്ലാതെ യാതൊരു ശക്തിയും പ്രതാപവുമില്ല തന്നെ.

وصلى الله على نبينا محمد وعلى آله وأصحابه وسلم إلى يوم الدين.

المؤلف

١٨/٨/١٤٢٠هـ

# مفهوم الصلاة

## സ്വലാത്തിൻെറ വിവക്ഷ

ഭാഷാ പരമായി "സ്വലാത്ത്" എന്ന പദത്തിനർത്ഥം പ്രാർത്ഥനയെന്നാണ്, വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു:

خُذْ مِنْ أَمْوَالِهِمْ صَدَقَةً تُطَهِّرُهُمْ وَتُزَكِّيهِم بِهَا وَصَلِّ عَلَيْهِمْ ۖ إِنَّ صَلَوٰتَكَ سَكَنٌ لَّهُمْ ۗ وَٱللَّهُ سَمِيعٌ عَلِيمٌ ﴿١٠٣﴾

"അവരെ ശുദ്ധികരിക്കുകയും, സംസ്കരിക്കുകയും ചെയ്യാനുതകുന്ന ദാനം അവരുടെ സ്വത്തുക്കളിൽ നിന്നും നീ വാങ്ങുകയും അവർക്കുവേണ്ടി (സ്വലാത്ത്) പ്രാർത്ഥിക്കുകയും ചെയ്യുക നിൻെറ പ്രാർത്ഥന തീർച്ചയായും അവർക്ക് ശാന്തി നൽകുന്നതത്രെ. അല്ലാഹു എല്ലാം കാണുന്നവനും കേൾക്കുന്നവനുമാകുന്നു. (തൗബ-103)

നബി തിരുമേനി ﷺ പറയുകയുണ്ടായി:

قال صلى الله عليه وسلم : ''إذا دعي أحدكم فليجب فإن كان صائما فليصلّ وإن كان مفطرا فليطعم''

أخرجه مسلم : ١٤٣١

"നിങ്ങളിലാരെങ്കിലും വല്ല സദ്യയിലേക്കും ക്ഷണിക്കപ്പെട്ടാൽ അതു സ്വീകരിക്കട്ടെ, നോമ്പുകാര

നാണെങ്കിൽ ആതിഥേയനുവേണ്ടി "സ്വലാത്ത്" ചെയ്യുകയും നോമ്പില്ലെങ്കിൽ സദ്യയുണ്ണുകയും ചെയ്യട്ടെ".

അതായത് അയാളുടെ നന്മക്കും പാപമോചനത്തിനും വേണ്ടി പ്രാർത്ഥിക്കട്ടെ എന്നു സാരം. "സ്വലാത്ത്" അല്ലാഹുവിൽ നിന്നാകുമ്പോൾ അത് അവന്റെ പ്രശംസയും മലക്കുകളിൽ നിന്നാകുമ്പോൾ അതു പ്രാർത്ഥനയുമായിരിക്കും.

﴿ إِنَّ ٱللَّهَ وَمَلَٰٓئِكَتَهُۥ يُصَلُّونَ عَلَى ٱلنَّبِيِّۚ يَٰٓأَيُّهَا ٱلَّذِينَ ءَامَنُواْ صَلُّواْ عَلَيْهِ وَسَلِّمُواْ تَسْلِيمًا ٥٦ ﴾

അല്ലാഹുവും അവന്റെ മലക്കുകളും പുകഴ്ത്തി സംസാരിക്കുന്നു, സത്യവിശ്വാസികളേ നിങ്ങളും പ്രാവാചകന്റെ പേരിൽ സ്വലാത്തു ചൊല്ലുവീൻ.

سورة الأحزاب الآية: ٥٦

ഇമാം അബുൽ ആലിയ്യ പറയുകയുണ്ടായി: അല്ലാഹുവിൽ നിന്നുള്ള സ്വലാത്ത് മലക്കുകളുടെ സദസ്സിൽ വെച്ചുള്ള പ്രശംസയും, മലക്കുകളുടെ സ്വലാത്തു കൊണ്ടുള്ള വിവക്ഷ പ്രാർത്ഥനയുമാണ്".

ഇബ്നു അബ്ബാസ്സ്(റ) പറയുകയുണ്ടായി: "മലക്കുകളുടെ "സ്വലാത്തു"കൊണ്ടുള്ള വിവക്ഷ അനുഗ്രഹത്തിനു വേണ്ടിയുള്ള അവരുടെ പ്രാർത്ഥനയാണ്".
അല്ലാഹുവിന്റെ കാരുണ്യവും മലക്കുകളുടെ പശ്ചാത്താപത്തിനു വേണ്ടിയുള്ള തേട്ടമാണെന്നും അഭിപ്രായപ്പെട്ടവരുണ്ട്, ഒന്നാമതു പറഞ്ഞതാണ് ശരിയായ വീക്ഷണം

قال تعالى:

﴿ أُوْلَٰٓئِكَ عَلَيْهِمْ صَلَوَٰتٌ مِّن رَّبِّهِمْ وَرَحْمَةٌ ۖ وَأُوْلَٰٓئِكَ هُمُ ٱلْمُهْتَدُونَ ١٥٧ ﴾

"അവർക്കത്രെ തങ്ങളുടെ രക്ഷിതാവിൽ നിന്നു കാരുണ്യവും പ്രശംസയും ലഭിക്കുന്നത് അവരത്രെ സന്മാർഗ്ഗം പ്രാപിച്ചവർ". (അൽ ബഖറ-157)

ഇവിടെ,സ്വലാത്ത് റഹ്മത്തിനോട് ചേർത്തു പറഞ്ഞതിനാൽ അവ രണ്ടിന്റെയും അർത്ഥം ഒന്നല്ല എന്നു ഗ്രഹിക്കാം. കാരണം ഒരു സംഗതിയോട് അതു തന്നെ ചേർത്തു പറയില്ലല്ലോ. അപ്പോൾ "സ്വലാത്ത്" അല്ലാഹുവിൽ നിന്നുള്ള പ്രശംസയും, മനുഷ്യർ മലക്കുകൾ ജിന്നുകൾ തുടങ്ങിയ സൃഷ്ടികളിൽ നിന്നാവുമ്പോൾ പ്രാർത്ഥന, റുകൂഅ്, സുജൂദ്, നിൽക്കൽ, തസ്ബീഹ് തുടങ്ങിയവയും പക്ഷി പറവകളിൽ നിന്നും ഇഴജന്തുക്കൾ എന്നിവകളിൽ നിന്നൊക്കെയാവുമ്പോൾ പ്രകീർത്തനവുമായിരിക്കും.

الشرح الممتع لابن عثيمين ( ٣/ ٢٢٨ )

സാങ്കേതികമായി, "തക്ബീറത്തുൽ ഇഹ്റാം കൊണ്ട് ആരംഭിക്കുകയും സലാം കൊണ്ട് അവസാനിക്കുകയും ചെയ്യുന്ന പ്രത്യേകവും, അറിയപ്പെട്ടതുമായ ചില വാക്കുകളും പ്രവൃത്തികളും അടങ്ങിയ ആരാധനയാണ് നമസ്കാരം"

പ്രാർത്ഥന ധാരാളമായി ഉൾക്കൊള്ളുന്നതിനാലാണ് അതിന് "സ്വലാത്ത്" എന്ന പേരു വന്നത്.

المغني لابن قدامة ( ٣/٥

മുഴുവൻ പ്രാർത്ഥനകൾക്കും സ്വലാത്ത് എന്നു പറയപ്പെടാറുണ്ടായിരുന്നു, പിന്നീട് പ്രാർത്ഥനക്കും നമസ്

കാരത്തിനുമിടയിലെ അഭേദ്യമായ ബന്ധം കാരണം നമസ്കാരത്തിനു മാത്രം പ്രത്യേകമായി പ്രയോഗിക്കപ്പെടുകയായിരുന്നു.

شرح العمدة لشيخ الإسلام ابن تيمية (٢/ ٣١-٣٢)

നമസ്കാരം മുഴുവൻ പ്രാർത്ഥനയാണ്; തനിക്കു നന്മ ലഭിക്കുവാനും ദുരിതം നീങ്ങുവാനും വേണ്ടി പ്രാർത്ഥിക്കുന്നവൻ നടത്തുന്ന, ചോദ്യ രൂപത്തിലുള്ള പ്രാർത്ഥനയും- അത് അല്ലാഹുവിനോട് മാത്രമേ ആകാവൂ- സുജൂദുകൾ, റുകൂഉകൾ, ഇരുത്തം, നിർത്തം തുടങ്ങിയ സൽകർമ്മങ്ങൾ ചെയ്യുക മുഖേന അല്ലാഹുവിൻെറ പ്രതിഫലം കാംക്ഷിക്കുകയും ചെയ്യുന്ന ആരാധനാ രൂപത്തിലുള്ള പ്രാർത്ഥയുമാണ്. പ്രസ്തുത സൽകർമ്മങ്ങൾ ചെയ്യുന്നവൻ തനിക്കു പൊറുത്തുതരണമേ എന്നു തൻെറ ഭാവം കൊണ്ട് ചോദിക്കുന്നതു പോലെയിരിക്കുന്നു.

ചുരുക്കത്തിൽ നമസ്കാരം മുഴുവൻ ഈ രണ്ടിനങ്ങളിൽ ഏതെങ്കിലുമൊരു രൂപത്തിലുള്ള പ്രാർത്ഥനയാണെന്നു വ്യക്തമായല്ലോ.

فتح المجيد (ص :170)

## المبحث الثاني: حكم الصلاة

# നമസ്കാരത്തിൻെറ വിധി

മാസമുറയും ആർത്തവ രക്തവുമുള്ള സ്ത്രീകൾക്കൊഴികെ പ്രായപൂർത്തിയും ബുദ്ധിയുമുള്ള മുഴുവൻ വിശ്വാസികൾക്കും നമസ്കാരം നിർബന്ധമാണെന്നതിൽ വിശുദ്ധഖുർആനും സുന്നത്തും മുസ്ലിം സമുദായത്തിൻെറ ഏകോപിച്ച അഭിപ്രായവുമുണ്ട്.

വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു:

﴿ وَمَآ أُمِرُوٓاْ إِلَّا لِيَعۡبُدُواْ ٱللَّهَ مُخۡلِصِينَ لَهُ ٱلدِّينَ حُنَفَآءَ وَيُقِيمُواْ ٱلصَّلَوٰةَ وَيُؤۡتُواْ ٱلزَّكَوٰةَۚ وَذَٰلِكَ دِينُ ٱلۡقَيِّمَةِ ﴾ ٥

കീഴ്വണക്കം അല്ലാഹുവിനു മാത്രമാക്കിക്കൊണ്ട് ഋജുമാനസരായ നിലയിൽ അവനെ ആരാധിക്കുവാനും, നമസ്കാരം നിലനിർത്തുവാനും, സകാത്ത് നൽകുവാനും അല്ലാതെ അവരോട് കൽപിക്കപ്പെട്ടിട്ടില്ല, അതത്രെ വക്രതയില്ലാത്ത മതം. (ബയ്യിന-5).

മുആദ് വിനെ യമനിലേക്ക് നിയോഗിച്ചു കൊണ്ട് നബി ﷺ പറയുകയുണ്ടായി:

" واعلمهم أنّ الله افترض عليهم خمس صلوات في كلّ يوم وليلة "

പിന്നെ, (അവർ സത്യസാക്ഷ്യം അംഗീകരിച്ചു കഴിഞ്ഞാൽ) അല്ലാഹു അവരുടെ മേൽ ഒരു രാത്രിയിലും പകലിലുമായി അഞ്ച് "വഖ്തു"കളിലായി നമസ്കാരം നിർബന്ധമാക്കിയിട്ടുണ്ടെന്ന് അവരെ അറിക്കുക.

صحيح البخاري(١٣٩٥ )

عن ابنِ عُمَرَ رضي اللّهُ عنهما قال: رسولُ اللّه صلى الله عليه وسلم: «بُنِيَ الإسلامُ عَلى خَمْسٍ: شَهادَةِ أنْ لا إلهَ إلاّ اللّهُ، وَأَنّ محمداً رسولُ اللّهِ، وَإقامِ الصلاةِ، وإيتاءِ الزّكاةِ، وصَوْمِ رَمَضان، وحجّ البيت لمن استطاع إليه سبيلا'' ».

ഇബിൻഉമർ‍ ﷺ നിവേദനം, ഇസ്‌ലാം സ്ഥാപിതമായിരിക്കുന്നത് അഞ്ചു കാര്യങ്ങളിന്മേലാണ്, "അല്ലാഹുവല്ലാതെ ആരാധനക്കർഹനില്ല, മുഹമ്മദ് നബി ﷺ അല്ലാഹുവിന്റെ ദൂതനാകുന്നു" എന്ന സത്യസാക്ഷ്യ വചനം, പിന്നീട് നമസ്കാരം മുറപോലെ നിർവഹിക്കൽ, സകാത്ത് നൽകൽ, ഹജ്ജ് നിർവഹിക്കൽ, നോമ്പ് പിടിക്കൽ എന്നിവയായാണവകൾ.

متفق عليه

നമസ്കാരം നിർബന്ധമാക്കിക്കൊണ്ടുള്ള ആയത്തുകളും ഹദീസുകളും എമ്പാടുമുണ്ട്, അത് നിർബന്ധമാണെന്ന വിഷയത്തിൽ മുസ്‌ലിം സമുദായം ഏകോപിച്ചിട്ടുമുണ്ട്. എന്നാൽ ഋതുമതികൾക്കും പ്രസവാനന്തര രക്തസ്രാവമുള്ള സ്ത്രീകൾക്കുമത് നിർബന്ധമില്ല,

നബി ﷺ തിരുമേനി പറയുകയുണ്ടായി:

" أليست إذا حاضت لم تصلّ و لم تصم "

"അവർ ഋതുമതികളാവുമ്പോഴും പ്രസവ രക്ത മുണ്ടാകുമ്പോഴും നമസ്കാരവും നോമ്പും ഉപേക്ഷിക്കുക യും ചെയ്യുന്നില്ലേ ?." (ബുഖാരി)

# منزلة الصلاة في الإسلام

# ഇസ്‌ലാമിൽ നമസ്കാരത്തിനുള്ള സ്ഥാനം

ഇസ്‌ലാമിലെ ഏറ്റവും പ്രധാനപ്പെട്ട ആരാധനയാണ് നമസ്കാരം അതിന്റെ പ്രാധാന്യവും പ്രത്യേകതകളും അറിക്കുന്നതാണ് താഴെ പറയുന്ന സംഗതികൾ:

**1- നമസ്കാരം ഇസ്‌ലാമിന്റെ തൂണുകളിലൊന്നാണ് അതിന്റെ അഭാവത്തിൽ ദീനിന്നു നിലനിൽപില്ല.**

عن معذ رضي الله عنه أن النبيّ صلى الله عليه وسلم قال:

" رأس الأمر الإسلام ، وعموده الصلاة، وذروة سنامه الجهاد "

الترمذي( ٢٦١٦ )

മുആദ് നിവേദനം, നബി തിരുമേനി ﷺ അരുളി. "കാര്യങ്ങളുടെ തല ഇസ്‌ലാമും തൂൺ നമസ്കാരവും പൂഞ്ഞ ജിഹാദുമാകുന്നു".

തൂണുവീണാൽ അതിന്മേൽ ഉയർത്തപ്പെടുന്നതും വീഴുമല്ലോ.

**2- അടിമയുടെ പ്രവർത്തനങ്ങളിൽനിന്നും ആദ്യമായി ചോദ്യം ചെയ്യപ്പെടുക നമസ്കാരത്തെക്കുറിച്ചായിരിക്കും**

മറ്റുപ്രവർത്തനങ്ങളിലെ ജയപരാജയങ്ങൾ നമസ്കാരത്തിന്റെ വിഷയത്തിലുള്ള ജയപരാജയങ്ങൾക്കനുസരിച്ചിരിക്കും.

عن أنس رضي الله عن النبي صلى الله عليه وسلم قال: " أول ما يحاسب عليه العبد يوم القيامة الصلاة، فإن صلحت صلح سائر عمله وإن فسدت فسد سائر عمله " وفي رواية " أول ما يسأل عنه العبد يوم القيامة ينظر في صلاته فإن صلحت فقد أفلح وإن فسدت فقد خاب وخسر ".

അനസ് നിവേദനം ചെയ്യുന്നു, നബി ﷺ തിരുമേനി അരുളി: "ഒരു അടിമയുടെ കർമ്മങ്ങളിൽ വെച്ച് പരലോകത്ത് ആദ്യമായി വിചാരണ ചെയ്യപ്പെടുന്നത് നമസ്കാരത്തെക്കുറിച്ചായിരിക്കും. അതു നന്നായാൽ മറ്റുള്ള കർമ്മങ്ങളൊക്കെ നന്നായിരിക്കും അതു ശരിയായില്ലെങ്കിൽ ബാക്കി മുഴുവൻ കർമ്മങ്ങളും നഷ്ടമാകും"

മറ്റൊരു റിപ്പോർട്ടിൽ പരലോകത്ത് വെച്ച് ആദ്യമായി അടിമ ചോദ്യം ചെയ്യപ്പെടുക നമസ്കാരത്തെക്കുറിച്ചായിരിക്കും ആദ്യം നമസ്കാരത്തിൻെറ വിഷയം പരിശോധിക്കും അതു നന്നായാൽ അവൻ വിജയിച്ചു, അതു പരാജയപ്പെട്ടാൽ അവൻ പരാജയപ്പെടുകയും നാശമടയുകയും ചെയ്തു" എന്നാണ്.

സിൽസിലത്തുൽസ്സഹീഹഃ (3-346)

عَنْ أَبِي هُرَيْرَةَ وَدَاوُدَ عَنْ زُرَارَةَ عَنْ تَمِيمٍ الدَّارِيِّ عَنْ النَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ أَوَّلُ مَا يُحَاسَبُ بِهِ الْعَبْدُ يَوْمَ الْقِيَامَةِ الصَّلَاةُ فَإِنْ كَانَ أَكْمَلَهَا كُتِبَتْ لَهُ كَامِلَةً وَإِنْ لَمْ يَكُنْ أَكْمَلَهَا قَالَ لِلْمَلَائِكَةِ

انْظُرُوا هَلْ تَجِدُونَ لِعَبْدِي مِنْ تَطَوُّعٍ فَأَكْمِلُوا بِهَا مَا ضَيَّعَ مِنْ فَرِيضَةٍ
ثُمَّ الزَّكَاةُ ثُمَّ تُؤْخَذُ الأَعْمَالُ عَلَى حَسَبِ ذَلِكَ

തമീംബിൻഔസ്സ് അദ്ദാരി നിവേദനം, പരലോക ത്ത് ആദ്യമായി വിചാരണ ചെയ്യപ്പെടുക അടിമയുടെ നമ സ്കാരത്തെക്കുറിച്ചായിരിക്കും, അതു പൂർണ്ണമായി നിറ വേറ്റിയിട്ടുണ്ടെങ്കിൽ അതിന്റെ പ്രതിഫലം പൂർണ്ണമായും രേഖപ്പെടുത്തപ്പെടും, അതുപൂർണ്ണമായിട്ടില്ലെങ്കിൽ അല്ലാഹു മലക്കുകളോട് പറയും:എന്റെ അടിമ ഫർള് നമസ്കാര ത്തിലെ കുറവ് നികത്തക്ക വല്ല സുന്നത്തു നമസ്കാരവും നിറവേറ്റിട്ടുണ്ടോ?, അപ്രകാരം തന്നെയായിരിക്കും സകാ ത്തിന്റെയും മറ്റു കർമ്മങ്ങളുടെയും അവസ്ഥ.

സഹീഹ്, അബൂദാവൂദ് 864

3- മുസ്ലിം ഉമ്മത്തിൽ നിന്നും അവസാനമായി ന ഷ്ടപ്പെടുന്നത് അതായിരിക്കും.

ഏതൊരു കാര്യത്തിന്റെ അവസാനവും നഷ്ടമാ യാൽ പിന്നെ അതിന്റെ യാതൊന്നും ബാക്കിയുണ്ടാവില്ല ല്ലോ.

عن أبي أمامه قال: " لتقضنّ عرى الإسلام عروة عروة فكلما انتقضت عروة تشبث الناس بالتي تليها فأولهن نقضـــاالحكموآخر هـــن ألصلاة "

وفي رواية " وآخر ما يبقى الصلاة ، وربّ مصلّ لاخير فيه"

അബൂ ഉമാമ നിവേദനം: "ഇസ്‌ലാമിൻെറ ഇഴകൾ ഒരോന്നായി ഉടഞ്ഞു കൊണ്ടേയിരിക്കും ഒരോ ഇഴയും അഴിയുമ്പോഴൊക്കെ ജനങ്ങൾ അടുത്തതിൽ പിടിക്കുംആദ്യമായി നഷ്ടപ്പെടുന്നത് ഭരണവും അവസാനമായി നഷ്ടപ്പെടുന്നത് നമസ്കാരവുമായിരിക്കും.

ചില റിപ്പോർട്ടുകളിൽ, ജനങ്ങളിൽ നിന്നും ആദ്യമായി ഉയർത്തപ്പെടുക അമാനത്തായിരിക്കും നമസ്കാരം അവസാനം വരെയുണ്ടാകും, യാതൊരു നന്മയുമില്ലാത്ത എത്രയെത്ര നമസ്കാരക്കാർ" എന്നു കൂടിയുണ്ട്.

സഹീഹ്, മുസ്നദ് അഹ്മദ് (5-251)

4- തൻെറ സമുദായത്തോട് നബി ﷺ അവസാനമായി വസ്വിയത്ത് ചെയ്തതും അതായിരുന്നു.

عن أم سلمة رضي الله عنها قالت: '' كان آخر وصية رسول الله صلى عليه وسلم الصلاة وما ملكت أيمانكم '' حتى جعل نبي الله صلى الله عليه وسلم يجلجلها في صدره وما يفيض بها ومن أمرها أهله''

ഉമ്മുസലമ നിവേദനം: നബിﷺതിരുമേനി അവസാനമായി വസ്വിയത്ത് ചെയ്തത് നമസ്കാരത്തെക്കുറിച്ചും നിങ്ങളുടെ ഉത്തരവാദിത്വത്തിലുള്ളതിനെക്കുറിച്ചും (സ്ത്രീകളും കുട്ടികളും) ആയിരുന്നു.

നാവ് ചലിപ്പിക്കാൻ സാധ്യമാകാതിരുന്നപ്പോൾ മരണം വരെ മനസ്സുകൊണ്ട് തിരുമേനി അത് പറഞ്ഞു കൊണ്ടേയിരുന്നു.

സഹീഹ്, മുസ്നദ് അഹ്മദ്(6-290)

5- അതു നിറവേറ്റുന്നവരേയും തങ്ങളുടെ കുടുംബ ത്തോട് അതിന്ന് കൽപിക്കുന്നവരെയും അല്ലാഹു പ്ര ശംസിച്ചിരിക്കുന്നു.

وَٱذْكُرْ فِى ٱلْكِتَٰبِ إِسْمَٰعِيلَ ۚ إِنَّهُۥ كَانَ صَادِقَ ٱلْوَعْدِ وَكَانَ رَسُولًا نَّبِيًّا ﴿٥٤﴾ وَكَانَ يَأْمُرُ أَهْلَهُۥ بِٱلصَّلَوٰةِ وَٱلزَّكَوٰةِ وَكَانَ عِندَ رَبِّهِۦ مَرْضِيًّا ﴿٥٥﴾

വേദഗ്രന്ഥത്തിൽ ഇസ്മാഈലിനെപ്പറ്റിയുള്ള വിവ രം നീ പറഞ്ഞു കൊടുക്കുക, തീർച്ചയായും അദ്ദേഹം ക രാർ പാലിക്കുന്നവനായിരുന്നു, അദ്ദേഹം ദൂതനും പ്രവാ ചകനുമായിരുന്നു. തൻെറ കുടംബാംഗങ്ങളോട് നമസ്ക രിക്കുവാനും സക്കാത്ത് നൽകുവാനും അദ്ദേഹം കൽ പിക്കുമായിരുന്നു, തൻെറ രക്ഷിതാവിൻെറയടുക്കൽ അ ദ്ദേഹം പ്രിയപ്പെട്ടവനുമായിരുന്നു.

( സൂറത്തു മർയം: 54,55 )

6- അതിൽ വീഴ്ചവരുത്തുവരെയും അലസത കാ ണിക്കുന്നവരെയും അല്ലാഹു ആക്ഷേപിച്ചിട്ടുണ്ട്.

قال تعالى:

﴿٥٨﴾ ۞ فَخَلَفَ مِنۢ بَعْدِهِمْ خَلْفٌ أَضَاعُوا۟ ٱلصَّلَوٰةَ وَٱتَّبَعُوا۟ ٱلشَّهَوَٰتِ ۖ فَسَوْفَ يَلْقَوْنَ غَيًّا

എന്നിട്ട് അവർക്കു ശേഷം തൽ സ്ഥാനത്ത് ഒരു പിൻതലമുറ വന്നു, അവർ നമസ്കാരം പാഴാക്കുകയും തന്നിഷ്ടങ്ങൾ പിന്തുടരുകയും ചെയ്തു, ദുർ മാർഗ്ഗ ത്തിൻെറ ഫലം അവർ കണ്ടെത്തുക തന്നെ ചെയ്യു ന്നതാണ്.

( സൂറത്തു മർയം: 59 )

وقال عز وجل :

إِنَّ ٱلْمُنَٰفِقِينَ يُخَٰدِعُونَ ٱللَّهَ وَهُوَ خَٰدِعُهُمْ وَإِذَا قَامُوٓا۟ إِلَى ٱلصَّلَوٰةِ قَامُوا۟ كُسَالَىٰ يُرَآءُونَ ٱلنَّاسَ وَلَا يَذْكُرُونَ ٱللَّهَ إِلَّا قَلِيلًا ﴿١٤٢﴾

തീർച്ചയായും കപട വിശ്വാസികൾ അല്ലാഹുവെ വഞ്ചിക്കാൻ നോക്കുകയാണ് യതാർത്ഥത്തിൽ അല്ലാഹു അവരെയാണ് വഞ്ചിക്കുന്നത്, അവർ നമസ്കരിക്കുന്നത് ഉദാസീനരായിക്കൊണ്ടും, ആളുകളെ കാണിക്കാൻ വേണ്ടിയുമാണ് . വളരെ കുറച്ചു മാത്രമേ അവർ അല്ലാഹുവിനെ ഒർമ്മിക്കുകയുള്ളൂ.

സൂറത്തുന്നിസാഅ്: 142

7- രണ്ടു സത്യ സാക്ഷ്യ വചനങ്ങൾ (ശഹാദത്തുകൾ) കഴിഞ്ഞാൽ മതത്തിൽ ഏറ്റവും പ്രധാന്യമർഹിക്കുന്നതും സുപ്രധാന സ്തംഭങ്ങളിലൊന്നുമാണ് നമസ്കാരം.

عن ابنِ عُمَرَ رضي اللّهُ عنهما قال: رسولُ اللّه صلى الله عليه وسلم: «بُنِيَ الإسلامُ عَلى خَمْسٍ: شَهادَةِ أَنْ لا إلهَ إلاّ اللّهُ، وَأَنَّ محمداً رسولُ اللّهِ، وَإقامِ الصلاةِ، وإيتاءِ الزَّكاةِ، والحَجِّ، وصَوْمِ رَمَضان».

ഇബിൻ ഉമർ ﷺ നിവേദനം, ഇസ്ലാം സ്ഥാപിതമായിരിക്കുന്നത് അഞ്ചു കാര്യങ്ങളിന്മേലാണ്, "അല്ലാഹുവല്ലാതെ ആരാധനക്കർഹനില്ല, മുഹമ്മദ് നബി ﷺ അല്ലാഹുവിൻെറ ദൂതനാകുന്നു" എന്ന സത്യസാക്ഷ്യ വചനം, പിന്നീട് നമസ്കാരം മുറപോലെ നിർവഹിക്കൽ, സകാ

ത്ത് നൽകൽ, ഹജ്ജ് നിർവഹിക്കൽ, നോമ്പ് പിടിക്കൽ എന്നിവായാണവകൾ.

متفق عليه ؛ البخاري ٨، مسلم : ١٦ وهذا لفظه

8- ജിബ്രീൽ മുഖേന ഭൂമിയിൽ വെച്ചല്ലാതെ ഇസ്റാഇൻെറരാത്രിയിൽ ആകാശത്തുവെച്ച് നേരിട്ട് നിർബന്ധമാക്കി എന്നത്.

9- ആദ്യമായി അമ്പതു വഖ്ത് നിയമമാക്കുകയും പിന്നീട് ഒരു രാത്രിയിലും പകലിലുമായി അഞ്ച് വഖ്തിൽ മാത്രം പരിമിതമാക്കുകയായിരുന്നു എന്നതും അല്ലാഹുവിൻെറയടുക്കൽ അതിൻെറ പ്രാധാന്യം വ്യക്തമാക്കുന്നു, എണ്ണത്തിൽ അഞ്ചെ ഉള്ളൂവെങ്കിലും പ്രതിഫലത്തിൽ അമ്പതിൻെറ സ്ഥാനത്തുനിൽക്കുന്നുവെന്നതും അതിൻെറ പ്രാധാന്യം കുറിക്കുന്നു.

10- വിജയികളായ വിശ്വാസികളുടെ പ്രവർത്തനങ്ങളെക്കുറിച്ചു പറഞ്ഞപ്പോൾ തുടക്കത്തിലും ഒടുക്കത്തിലും അതിനെക്കുറിച്ചു പരാമർശിച്ചുവെന്നതും അതിൻെറ പ്രാധാന്യം വ്യക്തമാക്കുന്നു.

قَدْ أَفْلَحَ ٱلْمُؤْمِنُونَ ﴿١﴾ ٱلَّذِينَ هُمْ فِى صَلَاتِهِمْ خَٰشِعُونَ ﴿٢﴾
وَٱلَّذِينَ هُمْ عَنِ ٱللَّغْوِ مُعْرِضُونَ ﴿٣﴾ وَٱلَّذِينَ هُمْ لِلزَّكَوٰةِ
فَٰعِلُونَ ﴿٤﴾ وَٱلَّذِينَ هُمْ لِفُرُوجِهِمْ حَٰفِظُونَ ﴿٥﴾ إِلَّا عَلَىٰٓ
أَزْوَٰجِهِمْ أَوْ مَا مَلَكَتْ أَيْمَٰنُهُمْ فَإِنَّهُمْ غَيْرُ مَلُومِينَ ﴿٦﴾
فَمَنِ ٱبْتَغَىٰ وَرَآءَ ذَٰلِكَ فَأُو۟لَٰٓئِكَ هُمُ ٱلْعَادُونَ ﴿٧﴾ وَٱلَّذِينَ هُمْ
لِأَمَٰنَٰتِهِمْ وَعَهْدِهِمْ رَٰعُونَ ﴿٨﴾ وَٱلَّذِينَ هُمْ عَلَىٰ صَلَوَٰتِهِمْ
يُحَافِظُونَ ﴿٩﴾

തങ്ങളുടെ നമസ്കാരത്തിൽ ഭക്തി പുലർത്തുന്നവരും, അനാവശ്യ കാര്യങ്ങളിൽ നിന്നു തിരിഞ്ഞു കളയുന്നവരും, സകാത്ത് നിർവഹിക്കുന്നവരുമായ വിശ്വാസികൾ വിജയം പ്രാപിച്ചിരിക്കുന്നു. തങ്ങളുടെ ഗുഹ്യാവയവങ്ങളെ കാത്തുസൂക്ഷിക്കുന്നവരുമത്രെ അവർ. തങ്ങളുടെ ഭാര്യമാരുമായോ, തങ്ങളുടെ അധീനത്തിലുള്ള അടിമസ്ത്രീകളുമായോ ഉള്ള ബന്ധം ഒഴികെ. അതിനവർ ആക്ഷേപാർഹരുമല്ല. എന്നാൽ അതിന്നപ്പുറം ആരെങ്കിലും ആഗ്രഹിക്കുന്ന പക്ഷം അവർ തന്നെയാണ് അതിക്രമകാരികൾ. തങ്ങളുടെ അനാമത്തുകളും കരാറുകളും പാലിക്കുന്നവരും, തങ്ങളുടെ നമസ്കാരങ്ങൾ കൃത്യമായി അനുഷ്ഠിച്ചു പോരുന്നവരുമത്രെ (ആ വിശ്വാസികൾ).

മുഅ്മിനൂൻ (1-9)

**11- തങ്ങളുടെ കുടുംബങ്ങളോട് അത് നിർവഹിക്കാൻ കൽപിക്കണമെന്ന് അല്ലാഹു പ്രവാചകനോടും അനുയായികളോടും നിർദ്ദേശിച്ചിരിക്കുന്നു.**

وَأْمُرْ أَهْلَكَ بِالصَّلَوٰةِ وَاصْطَبِرْ عَلَيْهَا لَا نَسْـَٔلُكَ رِزْقًا نَّحْنُ نَرْزُقُكَ وَالْعَٰقِبَةُ لِلتَّقْوَىٰ ١٣٢

"നിന്റെ കുടുംബങ്ങളോട് നമസ്കരിക്കാൻ കൽപിക്കുകയും അതിൽ ക്ഷമാപൂർവ്വം ഉറച്ചു നിൽക്കുകയും ചെയ്യുക, നിന്നോട് നാം ഉപജീവനം ചോദിക്കുന്നില്ല, നാം നിനക്ക് ഉപജീവനം നൽകുകയാണ് ചെയ്യുന്നത്, ധർമ്മനിഷ്ഠക്കാകുന്നു ശുഭ പര്യവസാനമുള്ളത്".

താഹ (132)

عَنْ عَمْرِو بْنِ شُعَيْبٍ عَنْ أَبِيهِ عَنْ جَدِّهِ قَالَ قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ مُرُوا أَوْلَادَكُمْ بِالصَّلَاةِ وَهُمْ أَبْنَاءُ سَبْعِ سِنِينَ وَاضْرِبُوهُمْ عَلَيْهَا وَهُمْ أَبْنَاءُ عَشْرٍ وَفَرِّقُوا بَيْنَهُمْ فِي الْمَضَاجِعِ

അബ്ദുല്ലാഹ് ഇബ്ൻ ഉമർ നിവേദനം: "നിങ്ങളുടെ സന്താനങ്ങൾക്ക് ഏഴുവയസ്സാകുമ്പോൾ അവരോട് നമസ്കരിക്കാൻ കൽപിക്കുക പത്തു വയസ്സായിട്ടും നമസ്കരിക്കുന്നില്ലെങ്കിൽ അവരെ ശിക്ഷിക്കുക, ആൺകുട്ടികളെയും പെൺകുട്ടികളെയും പ്രത്യേകം പ്രത്യേകം ഉറങ്ങാൻ കൽപ്പിക്കുക".

സഹീഹ്, അബൂദാവൂദ്: 495

12- ഉറങ്ങിയവനോടും മറന്നവനോടും അതു വീട്ടാൻ കൽപിച്ചിരിക്കുന്നു.

عن أنس بن مالك عن النبي صلى الله عليه وسلم :"
من نسي صلاة فليصلها إذا ذكرها ، لا كفارة لها إلا ذلك".

അനസ് നിവേദനം:" ആരെങ്കിലും നമസ്കരിക്കാൻ മറന്നുപോയാൽ ഓർമ്മ വരുമ്പോൾ നമസ്കരിക്കട്ടെ, അതല്ലാതെ അതിന് യാതൊരു പരിഹാരവുമില്ല".

മുത്തഫഖുൻ അലൈഹി, മുസ്ലിം:597

മറ്റൊരു റിപ്പോർട്ടിൽ ആരെങ്കിലും നമസ്കരിക്കാൻ മറന്നു പോവുകയോ, ഉറങ്ങിപ്പോവുകയോ ചെയ്താൽ ഉണരുമ്പോഴോ, ഓർമ്മിക്കുമ്പോഴോ അതു വീട്ടുകയല്ലാതെ മറ്റൊരു പരിഹാരമതിനില്ല". എന്നാണുള്ളത്.

മൂന്നു ദിവസത്തിൽ താഴെ അബോധാവസ്ഥയിൽ കഴിയു ന്നവൻെറയും വിധി ഉറങ്ങിയവൻെറതു തന്നെയാണ്,

അമ്മാർ, സംറബിൻ ജുൻദുബ്,ഇംറാനു ബിൻ അൽഹുസൈൻ എന്നിവരിൽനിന്നും അറപകാരമാകുന്നു റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുള്ളത്.

എന്നാൽ അതിലും കൂടുതൽ ദിവസം അബോധാവസ്ഥയിലായവന് വീട്ടേണ്ടതില്ല, കാരണം മൂന്നു ദിവസത്തിലധികം അബോധാവസ്ഥയിലായവൻ ബുദ്ധി നഷ്ടപ്പെടുന്ന വിഷയത്തിൽ ബുദ്ധി ഭ്രംശം സംഭവിച്ചവനു ള്ള്യനാണല്ലോ.

# المبحث الرابع : خصائص الصلاة في الإسلام

# നമസ്കാരത്തിൻെറ പ്രത്യേകതകൾ

## 1- നമസ്കാരത്തെ അല്ലാഹു വിശ്വാസമെന്നു പരിചയപ്പെടുത്തുകയുണ്ടായി

﴿وَمَا كَانَ اللَّهُ لِيُضِيعَ إِيمَانَكُمْ إِنَّ اللَّهَ بِالنَّاسِ لَرَءُوفٌ رَّحِيمٌ ١٤٣﴾

അല്ലാഹു നിങ്ങളുടെ വിശ്വാസത്തെ (അതായത് നിങ്ങളുടെ ബൈത്തുൽ മുഖദ്ദസിലേക്കു തിരിഞ്ഞുള്ള നമസ്കാരത്തെ) പാഴാക്കിക്കളയുന്നതല്ല, നിശ്ചയം അല്ലാഹു ജനങ്ങളോട് അത്യധികം കരുണയുള്ളവനും ദയാലുവുമാകുന്നു.

അൽ ബഖറ 143

നമസ്കാരത്തെ വിശ്വാസമെന്നു പരിചയപ്പെടുത്താനുണ്ടായ കാരണം നമസ്കാരം മുഖേന പ്രാവർത്തികമായ രൂപത്തിൽ തന്നെ തൻെറ വാക്കു ശരിയായിരുന്നുവെന്ന് തെളിക്കലുണ്ട്.

## 2- അനുഷ്ഠാന കർമ്മങ്ങളിൽ നിന്നും നമസ്കാരത്തെ പ്രത്യേകമായി പരാമർശിപ്പിരിക്കുന്നു.

﴿اتْلُ مَا أُوحِيَ إِلَيْكَ مِنَ الْكِتَابِ وَأَقِمِ الصَّلَاةَ﴾ ٤٥

" നബിയേ, വേദഗ്രന്ഥത്തിൽ നിന്നും താങ്കൾക്ക് ബോധനം നൽകപ്പെട്ടത് ഓതിക്കേൾപ്പിക്കുകയും നമസ്കാരം മുറപ്രകാരം നിർവഹിക്കുകയും ചെയ്യുക".

അൽ അൻകബൂത്ത് 45

ഇവിടെ തിലാവത്തുകൊണ്ടുള്ള വിവക്ഷ വിശുദ്ധ ഖുർആൻ പാരായണം ചെയ്യുകയും അതിലുള്ള നിയമ നിർദ്ദേശങ്ങൾ പിൻപറ്റുകയും ചെയ്യുക എന്നതാണ്, അതിനോടൊപ്പം നമസ്കാരം നിറവേറ്റണമെന്നു പറഞ്ഞതു കൊണ്ടു തന്നെ അതിൻെറ പ്രാധാന്യം വ്യക്തമാണല്ലോ

وقوله تعالى:

وَأَوْحَيْنَآ إِلَيْهِمْ فِعْلَ ٱلْخَيْرَٰتِ وَإِقَامَ ٱلصَّلَوٰةِ

"സൽകർമ്മങ്ങൾ ചെയ്യണമെന്നും നമസ്കാരം മുറപ്രകാരം നിർവഹിക്കണമെന്നും നാം അവർക്ക് ബോധനം നൽകുകയും ചെയ്തു".

അൽ അൻബിയാഅ് 73

സൽകർമ്മങ്ങൾ എന്നു പറഞ്ഞതിൽ തന്നെ നമസ്കാരവും ഉൾപെടുന്നുവെങ്കിലും പ്രത്യേകം എടുത്തു പറഞ്ഞത് പ്രാധാന്യം കാണിക്കാൻ കൂടിയാണ്.

**3- ഇതര കർമ്മങ്ങളുടെ കൂടെ നമസ്കാരം വിശുദ്ധ ഖുർആനിൽ ചേർത്തു പറഞ്ഞിരിക്കുന്നു.**

قال تعالى:

﴿٤٢ وَأَقِيمُوا۟ ٱلصَّلَوٰةَ وَءَاتُوا۟ ٱلزَّكَوٰةَ وَٱرْكَعُوا۟ مَعَ ٱلرَّٰكِعِينَ ٤٣﴾

നിങ്ങൾ നമസ്കാരം നിർവഹിക്കുകയും സകാത്ത് നൽകുകയും നമസ്കരിക്കുന്നവരുടെ കൂടെ നമസ്ക

രിക്കുകയും ചെയ്യുക. (ബഖറ 43)

وقال تعالى: ﴿ فَصَلِّ لِرَبِّكَ وَانْحَرْ ﴾ ٢

**അതിനാൽ നീ നിന്റെ രക്ഷിതാവിനു ബലിയർപ്പിക്കുകയും അവന് നമസ്കരിക്കുകയും ചെയ്യുക.**
**അൽ കൗഥർ 2**

﴿ قُلْ إِنَّ صَلَاتِي وَنُسُكِي وَمَحْيَايَ وَمَمَاتِي لِلَّهِ رَبِّ الْعَالَمِينَ ﴾ ١٦٢

**പറയുക എന്റെ നമസ്കാരവും അറുവും ജീവിതവും മരണവും സർവ്വലോക സംരക്ഷകനായ അല്ലാഹുവിനു മാത്രമാണ്.**
**ഇതു പോലെയുള്ള നിരവധി ആയത്തുകൾ കാണാം.**

## 4- തദ് വിഷയത്തിൽ ക്ഷമ പുലർത്താൻ അല്ലാഹു പ്രവാചകനോട് കൽപിക്കുന്നു.

﴿ وَأْمُرْ أَهْلَكَ بِالصَّلَاةِ وَاصْطَبِرْ عَلَيْهَا ﴾ ١٣١

നിന്റെ കുടുംബത്തോട് നമസ്കരിക്കാൻ കൽപിക്കുകയും ആ വിഷയത്തിൽ ക്ഷമ കൈക്കൊള്ളുകയും ചെയ്യുക. (താഹ 132)

ഇബാദത്തിന്റെ വിഷയത്തിൽ ക്ഷമയവലംഭിക്കുവാൻ, وَاصْطَبِرْ لِعِبَادَتِهِ എന്നാണ് ഖുർആൻ പ്രയോഗിച്ചിരിക്കുന്നത്, എന്നാൽ അതേ കൽപന നമസ്കാരത്തെക്കുറിച്ച് പ്രത്യേകം പറഞ്ഞിരിക്കുന്നു.

## 5- മുഴുവൻ ആളുകൾക്കും അതു നിർബന്ധമാക്കിയിരിക്കുന്നു

രോഗികളെയോ ഭയമുള്ള വേളകളിലോ യാത്രക്കാരെനെയോ ഒന്നും അതിൽ നിന്നും ഒഴിവാക്കുകയുണ്ടായിട്ടില്ല. ചില നിബന്ധനകളിലോ എണ്ണത്തിലോ കർമ്മ രൂപങ്ങളിലോ ഒക്കെ ചെറിയ ഇളവുകൾ മാത്രമാണ് നൽകിയിട്ടുള്ളത്. ഓർമ്മയുള്ളേടത്തോളം അതിൽ യാതൊരു വി ട്ടുവീഴ്ചയുമില്ല.

6- ഏറ്റവും നല്ലരൂപവും വസ്ത്രധാരണയും സ്ഥല ശരീര ശുദ്ധിയും മറ്റൊരു ആരാധനക്കു വേണ്ടിയും നിർബന്ധമാക്കാത്ത ഖിബ്‌ലക്കു അഭിമുഖമായി നിൽക്കലും അതിൽ നിയമമാക്കി.

7- മനുഷ്യന്റെ മുഴുവൻ ശരീരവും അവയവങ്ങ ളും മനസ്സും നാവും സാനിധ്യവുമൊക്കെ അതിന്റെ നിബന്ധനകളിൽ പെട്ടതാക്കി.

8- അതിനിടയിൽ ചിന്തകൊണ്ടുപോലും മറ്റെന്തെങ്കിലും സംഗതികളിൽ വ്യാപൃതരാവുന്നത് വിരോധിച്ചു.

9- ആകാശ ഭൂമികളിലെ മുഴുവൻ സൃഷ്ടികളും നിർവഹിക്കുന്ന, മുഴുവൻ പ്രവാചകന്മാർക്കും നിയമമാക്കിയ കർമ്മങ്ങളിൽ ഒന്നാണ് നമസ്കാരം, ഒരു പ്രവാചകനും നമസ്കാരം അല്ലാഹു നിയമമാക്കാതിരുന്നിട്ടില്ല.

10- വിശ്വസിക്കുക എന്നതിനോടു് ചേർത്തു നമസ്കാരം പ്രതിപാദിക്കപ്പെട്ടിരിക്കുന്നു.

قال تعالى: ﴿فَلَا صَدَّقَ وَلَا صَلَّىٰ ﴿٣١﴾ وَلَٰكِن كَذَّبَ وَتَوَلَّىٰ ﴿٣٢﴾﴾

"എന്നാലവൻ വിശ്വസിക്കുകയും നമസ്കരിക്കുക

യും ചെയ്തില്ല, കളവാക്കുകയും പിന്തിരിഞ്ഞു കളയുകയു മാണുണ്ടായത്". (അൽ ഖിയാമ 31,32)

നമസ്കാരത്തിൻെറ പ്രത്യാകതകൾ ഇനിയും ധാരാളമുണ്ട് അതിനോട് മറ്റൊന്നും തുലനം ചെയ്യാൻ കഴിയില്ല.

## المبحث الخامس : حكم تارك الصلاة

# നമസ്കാരം ഉപേക്ഷിക്കുന്നതിൻെറ വിധി

ഫർള്വ് നമസ്കാരങ്ങൾ ഉപേക്ഷിക്കുന്നത് (കുഫ്ർ) അഥവാ അവിശ്വാസമാണ്, അതു നിർബന്ധമാണെന്ന വസ്തുത നിഷേധിച്ചു കൊണ്ട് ആരെങ്കിലും ഉപേക്ഷിക്കുന്നുവെങ്കിൽ അവൻ ഇസ്ലാമിൽ നിന്നും പുറത്താകുന്ന കൊടിയ കുഫ്ർ തന്നെയാണ് ചെയ്തിരിക്കുന്നത്.

എന്നാൽ അതു നിർബന്ധമാണെന്ന വസ്തുത അംഗീകരിച്ചുകൊണ്ട് അതു പൂർണ്ണമായി ഉപേക്ഷിക്കുന്നുവെങ്കിൽ അവനും മതപരിത്യാഗി തന്നെയാണെന്നാണ് പണ്ഡിതൻമാരുടെ അഭിപ്രായങ്ങളിൽ ഏറ്റവും ശരിയായിട്ടുള്ളത്; നിരവധി തെളിവുകൾ അത് ശരിവെക്കുന്നുണ്ട്,

يَوْمَ يُكْشَفُ عَن سَاقٍ وَيُدْعَوْنَ إِلَى ٱلسُّجُودِ فَلَا يَسْتَطِيعُونَ ﴿٤٢﴾

خَٰشِعَةً أَبْصَٰرُهُمْ تَرْهَقُهُمْ ذِلَّةٌ وَقَدْ كَانُوا۟ يُدْعَوْنَ إِلَى ٱلسُّجُودِ وَهُمْ سَٰلِمُونَ

1-"കണങ്കാൽ വെളിവാക്കപ്പെടുന്ന ഒരു ദിവസത്തെ നിങ്ങൾ ഓർക്കുക. സുജൂദ്ചെയ്യാൻ (അന്ന്) അവർ ക്ഷണിക്കപ്പെടും അപ്പോൾ അവർക്കതിന് സാധിക്കുകയില്ല. അവരുടെ കണ്ണുകൾ കീഴ്പോട്ടു താഴ്ന്നിരിക്കും. നിന്ദ്യത അവരെ ആവരണം ചെയ്യും. അവർ സുരക്ഷിതരായിരുന്ന സമയത്ത് സുജൂദിനായി അവർ ക്ഷണിക്കപ്പെട്ടിരുന്നു"

സൂറത്തുൽ ഖലം: 42,43

നമസ്കാരം ഉപേക്ഷിക്കുന്നവർ പരലോകത്തു വെച്ച്സുജൂദ് ചെയ്യാൻ വിളിക്കപ്പെടുമ്പോൾ അതിനു സാധിക്കാതെ തല ഉയർന്നു നിൽക്കുന്ന അവിശ്വാസികളുടേയും കപട വിശ്വാസികളുടെയും കൂടെയായിരിക്കും അവർ വിശ്വാസികളായിരുന്നുവെങ്കിൽ അവർക്കതിന്ന് സാധിക്കുമായിരുന്നുവെന്ന് ഈ ആയത്ത് വ്യക്തമാക്കുന്നു.

2- ഖുർആനിലൂടെ അല്ലാഹു പറയുന്നു

كُلُّ نَفْسٍ بِمَا كَسَبَتْ رَهِينَةٌ ﴿٣٨﴾ إِلَّآ أَصْحَـٰبَ ٱلْيَمِينِ ﴿٣٩﴾ فِى جَنَّـٰتٍ يَتَسَآءَلُونَ
﴿٤٠﴾ عَنِ ٱلْمُجْرِمِينَ ﴿٤١﴾ مَا سَلَكَكُمْ فِى سَقَرَ ﴿٤٢﴾ قَالُوا۟ لَمْ نَكُ مِنَ
ٱلْمُصَلِّينَ ﴿٤٣﴾ وَلَمْ نَكُ نُطْعِمُ ٱلْمِسْكِينَ ﴿٤٤﴾ وَكُنَّا نَخُوضُ مَعَ
ٱلْخَآئِضِينَ ﴿٤٥﴾ وَكُنَّا نُكَذِّبُ بِيَوْمِ ٱلدِّينِ ﴿٤٦﴾ حَتَّىٰٓ أَتَىٰنَا ٱلْيَقِينُ ﴿٤٧﴾

ഓരോ വ്യക്തിയും താൻ സമ്പാദിച്ചുവെച്ചതിന്ന് പണയപ്പെട്ടവനാകുന്നു. വലതു പക്ഷക്കാരൊഴികെ, സ്വർഗ്ഗത്തോപ്പുകളിൽ വെച്ച് കുറ്റവാളികളെപ്പറ്റി അവർ അന്വേഷിക്കും;നിങ്ങളെ നരകത്തിലെത്തിച്ചത് എന്തൊന്നാണെന്ന് ? അവർ കുറ്റവാളികൾ മറുപടി പറയും; ഞങ്ങൾ നമസ്കരിക്കുന്നവരുടെ കൂട്ടത്തിലായിരുന്നില്ല, ഞങ്ങൾ അഗതികൾക്ക് ആഹാരം നൽകുമായിരുന്നില്ല, തോന്നിവാസത്തിൽ മുഴുകുന്നവരുടെ കൂടെ ഞങ്ങളും മുഴുകുകയായിരുന്നു. പ്രതിഫല നാളിനെ ഞങ്ങൾ നിഷേധിച്ചു തള്ളിക്കളഞ്ഞു".

മുദ്ദഥിർ (36- 46)

അതിനാൽ നമസ്കാരം ഉപേക്ഷിക്കുന്നവർ സഖർ എന്ന നരാഗാക്നിയിൽ എരിക്കപ്പെടുന്നതായിരിക്കും.

۝٤٦ إِنَّ ٱلْمُجْرِمِينَ فِي ضَلَٰلٍ وَسُعُرٍ ۝٤٧ يَوْمَ يُسْحَبُونَ فِي ٱلنَّارِ
عَلَىٰ وُجُوهِهِمْ ذُوقُوا۟ مَسَّ سَقَرَ ۝٤٨

"മുഖം നിലത്തു കുത്തിയ നിലയിൽ അവർ നരകാഗ്നിയിലൂടെ വലിച്ചിഴക്കപ്പെടുന്നദിവസം (അവരോട് പറയപ്പെടും) നിങ്ങൾ ആ നരകത്തിന്റെ സ്പർശനം അനുഭവിച്ചു കൊള്ളുക".

അൽഖമർ 46- 47

3- അല്ലാഹു പറയുന്നു:

فَإِن تَابُوا۟ وَأَقَامُوا۟ ٱلصَّلَوٰةَ وَءَاتَوُا۟ ٱلزَّكَوٰةَ فَإِخْوَٰنُكُمْ فِي ٱلدِّينِ ۗ وَنُفَصِّلُ ٱلْءَايَٰتِ لِقَوْمٍ يَعْلَمُونَ ۝١١

"എന്നാൽ അവർ പശ്ചാത്തപിക്കുകയും നമസ്കരം മുറപ്രകാരം നിർവ്വഹിക്കുകയും സകാത്ത് നൽകുകയും ചെയ്യുന്ന പക്ഷം അവർ മതത്തിൽ നിങ്ങളുടെ സഹോദരങ്ങളാകുന്നു. കാര്യങ്ങൾ മനസ്സിലാക്കുന്ന ആളുകൾക്കു വേണ്ടി നാം ദൃഷ്ടാന്തങ്ങൾ വിവരിക്കുകയാകുന്നു".

(തൗബ -11 )

പ്രസ്തുത ആയത്തിൽ അവിശ്വാസികൾ മുസ്ലിംകളുടെ സഹോദരങ്ങളാകുവാനുള്ള നിബന്ധനായി അല്ലാഹു പറയുന്നത് അവർ നമസ്കരിക്കണമെന്നാണ്.

4- ജാബിർ (റ )നിവേദനം നബിﷺ അരുളി:

عن جَابِر قال: سَمِعْتُ النَّبِيَّ يَقُولُ: «إِنَّ بَيْنَ الرَّجُلِ وَبَيْنَ الشِّرْكِ وَالْكُفْرِ تَرْكَ الصَّلَاةِ».

ജാബിർ رضي الله عنه നിവേദനം, നബിﷺ പറയുകയുണ്ടായി: "ഓരാളുടെ വിശ്വാസത്തിന്റെയും കുഫ്റിന്റെയും ശി

ർക്കിൻെറയുമിടയിൽ വേർതിരിവായി നിൽക്കുന്നത് നമ സ്കാരമാണ്, അതുപേക്ഷിച്ചവൻ അവിശ്വാസിയായി മാ റുന്നതാകുന്നു".

صحيح الجامع الصغير ٢٨٤٨؛ مسلم: ٨٢ أبوداود : ٤٦٥٣

5- അബ്ദാല്ലാഹിബ്ൻ ബുറൈദ തൻെറ പിതാവിൽ നിന്നും ഉദ്ദരിക്കുന്നു, നബി തിരുമേനി പറയുകയുണ്ടായി.

عَنْ عَبْدِ اللَّهِ بْنِ بُرَيْدَةَ عَنْ أَبِيهِ ، قَالَ: قَالَ رَسُولُ اللَّهِ صلى الله عليه وسلم: «إِنَّ الْعَهْدَ الَّذِي بَيْنَنَا وَبَيْنَهُمُ الصَّلَاةُ فَمَنْ تَرَكَهَا فَقَدْ كَفَرَ».

അബ്ദില്ലാഹിബിൻ ബുറൈദ ﷺ നിവേദനം, നബി ﷺ പറയുകയുണ്ടായി: നമുക്കും അവിശ്വാസികൾക്കുമിട യിലെ വ്യത്യാസം നമസ്കാരമാകുന്നു, അതുപേക്ഷിച്ചവൻ അവിശ്വാസിയായി മാറു ന്നതാകുന്നു.

صحيح ، ابن ماجه ١٠٧٩ ، النسائي والترمذي: ٢٧٥٦

وعن عبد الله بن شقيق رضي الله عنه قال : "كان أصحاب محمد صلى الله عليه وسلم لا يرون شيئا من الأعمال تركه كفر غير الصلاة ".

6- (പ്രമുഖ താബിഈ പണ്ഡിതൻ) ശഖീഖ് ബിൻ സലമ പറയുന്നു: " ഒരു സംഗതി ഉപേക്ഷിക്കുകവഴി ഒരാൾ അ വിശ്വാസിയാവുക നമസ്കാരം ഉപേക്ഷിക്കുമ്പോഴാണെ ന്നായിരുന്നു മുഹെമ്മദ് നബിയുടെ അനുയായികൾ മനസ്സിലാക്കിയിരുന്നത്.

( തിർമിദി: 2622 )

7- നമസ്കാരം ഉപേക്ഷിച്ചവൻ അവിശ്വാസിയാണെന്ന വിഷയത്തിൽ സഹാബികൾ ഏകോപിച്ചതായി ഒന്നിലധികം പണ്ഡിതന്മാർ രേഖപ്പെടുത്തിട്ടുണ്ട്.

8- നമസ്കാരം ഉപേക്ഷിച്ചവൻ അവിശ്വാസിയായിത്തീരുമെന്ന് ഇമാം ഇബ്നതീമിയ്യ പത്തോളം രൂപത്തിലൂടെ വ്യക്തമാക്കിയിട്ടുണ്ട്.

ശറഹുൽ ഉംദ (2- 81,82)

9- ഇബ്നുൽ ഖയ്യിം തദ്വിഷയകമായി ഇരുപത്തിരണ്ടോളം തെളിവുകൾ പറഞ്ഞതായിക്കാണാം.

( കിതാബുസ്സലാത്ത്: 17,26)

അതിനാൽ തന്നെ നമസ്കാരം ഉപേക്ഷിച്ചവൻ അവിശ്വാസിയാണെന്ന് നിസ്സംശയം മനസ്സിലാക്കാവുന്നതാണ്.

## المبحث السادس: فضل الصلاة

## നമസ്കാരത്തിൻെറ ശ്രേഷ്ഠത

1- തിന്മകളിൽ നിന്നും മനുഷ്യനെ അതു തടയുന്നു.

വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു:

﴿ اتْلُ مَا أُوحِيَ إِلَيْكَ مِنَ الْكِتَابِ وَأَقِمِ الصَّلَاةَ إِنَّ الصَّلَاةَ تَنْهَىٰ عَنِ الْفَحْشَاءِ وَالْمُنكَرِ وَلَذِكْرُ اللَّهِ أَكْبَرُ وَاللَّهُ يَعْلَمُ مَا تَصْنَعُونَ ﴾ ٤٥

"വേദഗ്രന്ഥത്തിൽ നിന്നും നിനക്ക് ബോധനം നൽകപ്പെട്ടത് ഓതിക്കേൾപ്പിക്കുകയും, നമസ്കാരം മുറപോലെ നിർവ്വഹിക്കുകയും ചെയ്യുക. തീർച്ചയായും നീചവൃത്തികളിൽ നിന്നും നിഷിദ്ധ കർമ്മങ്ങളിൽ നിന്നും നമസ്കാരം തടയുന്നു. അല്ലാഹുവിനെ ഓർമ്മിക്കുക എന്നത് ഏറ്റവും മഹത്തായ കാര്യം തന്നെയാകുന്നു. നിങ്ങൾ പ്രവർത്തിക്കുന്നതെന്തോ അത് അല്ലാഹു അറിയുന്നു". (അൽ അൻകബൂത്ത്: 45)

2- രണ്ടു സത്യ സാക്ഷ്യവചനങ്ങൾ കഴിഞ്ഞാൽ പിന്നെ ഏറ്റവും ശ്രേഷ്ഠമായ കർമ്മം നമസ്കാരമാണ്.

عَبْدِ اللَّهِ قَالَ سَأَلْتُ النَّبِيَّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ أَيُّ الْعَمَلِ أَحَبُّ إِلَى اللَّهِ قَالَ الصَّلاَةُ عَلَى وَقْتِهَا قَالَ ثُمَّ أَيٌّ قَالَ ثُمَّ بِرُّ الْوَالِدَيْنِ قَالَ ثُمَّ أَيٌّ قَالَ الْجِهَادُ فِي سَبِيلِ اللَّهِ

ഇബ്നുമസ്ഊദ് നിവേദനം,"ഞാൻ നബിയോട് ചോദിച്ചു പ്രവാചകരേ ഏറ്റവും ശ്രേഷ്ഠമായ കർമ്മമേത്? അവിടുന്ന് പറഞ്ഞു: കൃത്യ സമയത്തു തന്നെ നമസ്കരിക്കൽ, ഞാൻ വീണ്ടും ചോദിച്ചു, പിന്നെ ഏത്? തിരുമേനി പറഞ്ഞു: മാതാ പിതാക്കൾക്ക് നന്മചെയ്യൽ. ഞാൻ ചോദിച്ചു പിന്നെയേത്? അവിടുന്നു, പിറഞ്ഞു ദൈവിക മാർഗ്ഗത്തിലുള്ള ധർമ്മ സമരമാകുന്നു".

മുത്തഫഖുൻ അലൈഹി, ബുഖാരി 7534

3- അതു പാപങ്ങളെ കഴുകിക്കളയുന്നു;

عَنْ جَابِرٍ وَهُوَ ابْنُ عَبْدِ اللَّهِ قَالَ قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ مَثَلُ الصَّلَوَاتِ الْخَمْسِ كَمَثَلِ نَهْرٍ جَارٍ غَمْرٍ عَلَى بَابِ أَحَدِكُمْ يَغْتَسِلُ مِنْهُ كُلَّ يَوْمٍ خَمْسَ مَرَّاتٍ

ജാബിർ നിവേദനം നബിതിരുമേനി അരുളി: "അഞ്ചു നേരങ്ങളി ലെ നമസ്കാരത്തിന്റെ ഉദാഹരണം നിങ്ങളുടെയാരുടെയെങ്കിലും മുറ്റത്തുകൂടി നിറഞ്ഞൊഴുകുന്നഒരു നദി പോലെയാണ്, അയാൾ അഞ്ചുനേരവും അതിൽ നിന്നും സ്നാനം ചെയ്യുന്നു".

സഹീഹ് മുസ്ലിം: 668

4- അതു പാപങ്ങൾ മായ്ക്കുന്നു;

عَنْ أَبِي هُرَيْرَةَ أَنَّ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ كَانَ يَقُولُ الصَّلَوَاتُ الْخَمْسُ وَالْجُمْعَةُ إِلَى الْجُمْعَةِ وَرَمَضَانُ إِلَى رَمَضَانَ مُكَفِّرَاتٌ مَا بَيْنَهُنَّ إِذَا اجْتَنَبَ الْكَبَائِرَ

അബൂഹുറൈറ നിവേദനം, "വൻപാപങ്ങൾ വെടുയുന്നുവെങ്കിൽ. അഞ്ചുനേരത്തെ നമസ്കാരങ്ങളും ഒരു ജുമുഅഃ മറ്റൊരു ജുമുഅക്കും ഒരു റമളാൻ അടുത്ത റമളാൻ വരെയും വരുന്ന പാപങ്ങൾ മാഴ്ചുകളയും".

സഹീഹ് മുസ്ലിം: 233

5- ഇഹലോകത്തും പരലോകത്തും അത് വെളിച്ച മാകുന്നു

عَنْ عَبْدِ اللَّهِ بْنِ عَمْرٍو عَنْ النَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ أَنَّهُ ذَكَرَ الصَّلَاةَ يَوْمًا فَقَالَ مَنْ حَافَظَ عَلَيْهَا كَانَتْ لَهُ نُورًا وَبُرْهَانًا وَنَجَاةً يَوْمَ الْقِيَامَةِ وَمَنْ لَمْ يُحَافِظْ عَلَيْهَا لَمْ يَكُنْ لَهُ نُورٌ وَلَا بُرْهَانٌ وَلَا نَجَاةٌ وَكَانَ يَوْمَ الْقِيَامَةِ مَعَ قَارُونَ وَفِرْعَوْنَ وَهَامَانَ وَأُبَيِّ بْنِ خَلَفٍ

ഇബ്നു ഉമർ നിവേദനം, " നബി ഒരിക്കൽ നമ സ്കാരത്തെക്കുറിച്ചു പറഞ്ഞു, അതു ശരിയായി നിർ വഹിക്കുന്നവന് പരലോകത്തിൽ തെളിവും പ്രകാശവും രക്ഷയുമുണ്ടായിരിക്കും, അതു നിർവഹിക്കാത്തവന് പര ലോകത്ത് പ്രകാശമോ തെളിവോ രക്ഷയോ ഉണ്ടായി രിക്കില്ല, അവൻ പരലോകത്ത് ഖാറൂനിന്റെറയും ഫിർ

ഔനിൻെറയും ഹാമാനിൻെറയും ഉബയ്യ് ബിൻ ഖലഫി ൻെറയും കൂടെയായിരിക്കും".

മെച്ചപ്പെട്ട പരമ്പരയിലൂടെ ഇമാം അഹ്മദ് റിപ്പോർട്ടു ചെയ്തത്. ( 2- 169)

അബൂമാലിക്കിൻ അശ്അരി നിവേദനം "നമ സ്കാരം വെളിച്ചമാകുന്നു". സഹീഹ് ( മുസ്ലിം 223)

عن بريدة رضي الله عن النبي صلى الله عليه وسلم أنه قال :" بشّر المشّا ئين في الظلم إلى المساجد بالنور التام يوم القيامة".

ബുറൈദ നിവേദനം നബി തിരുമേനി അരുളി: "ഇരുളുള്ളപ്പോൾ പള്ളികളിലേക്ക് നടക്കുന്നവർക്ക് പര ലോകത്ത് പൂർണ്ണമായ വെളിച്ചമുണ്ടെന്ന് സന്തോഷ വാർ ത്തയറിക്കുക".

സഹീഹ്, അബൂദാവൂദ് 561

6- അത് അല്ലാഹുവിൻെറ യടുക്കൽ പദവി ഉയർത്തു ന്നതും പാപമോചനത്തിനു കാരണവുമാണ്.

عن ثوبان عن النبي صلى الله عليه وسلم قال: " عليك بكثرة السجود فإنك لا تسجد لله سجدة إلا ورفعك الله بها درجة وحطّ عنك بها خطيئة ".

ഥൗബാൻ നിവേദനം നബിതിരുമേനി അദ്ദേഹത്തോട്

പറഞ്ഞു, നീ സുജൂദ് അധികരിപ്പിക്കുക നീ സുജൂദ് ചെയ്യു മ്പോഴൊക്കെ അതു കാരണമായി നിന്റെ പദവി ഉയരു കയും പാപം മായ്ക്കപ്പെടുകയും ചെയ്യാതിരിക്കില്ല".
സഹീഹ് മുസ്‌ലിം: 488

7- നബി തിരുമേനിയോടു കൂടി സ്വർഗ്ഗ പ്രവേശന ത്തിനുള്ള ഏറ്റവും വലിയ കാരണങ്ങളിലൊന്നാണത്.

عن ربيعة بن كعب رضي الله عنه قال: " كنت أبيت مع رسول الله صلى الله عليه وسلم فأتيته بوضوئه وحاجته فقال ليك سل فقلت : أسألك مرافقتك في الجنّة قال : أو غير ذلك ؟ قلت : هو ذا ك قال، "فأعني على نفسك بكثرت السجود "

റബീഅ നിവേദനം ഞാൻ തിരുമേനിയുടെ കൂടെ ഒരിക്കൽ രാത്രി താമസിക്കുകയുണ്ടായി, ഞാൻ അവി ടുത്തേക്ക് വുളുവിനുള്ള വെള്ളപ്പാത്രവുമായി തിരുമേനി യുടെ അടുത്തേക്കു ചെന്നു, അപ്പോഴവിടുന്നു പറഞ്ഞു നീ വേണ്ടതു ചോദിക്കൂ, ഞാൻ പറഞ്ഞു: അങ്ങയുടെ കൂടെ സ്വർഗ്ഗത്തിൽ പ്രവേശിക്കണമെന്നു ഞാൻ ആഗ്രഹിക്കു ന്നു, തിരുമേനി പറഞ്ഞു, വേറെ എന്തെങ്കിലും ആവശ്യമു ണ്ടോ? ഞാൻ പറഞ്ഞു, അതു മാത്രമേയുള്ളൂ, അപ്പോൾ എന്നോട് ഇങ്ങനെ പറയുകയുണ്ടായി അതിന് താങ്കൾ സുജൂദ് അധികരിപ്പിച്ചു കൊണ്ട് എന്നെ സഹായിക്കുക".
സഹീഹ്, മുസ്‌ലിം: 489

8- പള്ളിയിലേക്കുള്ള നടത്തം വഴി നന്മകൾ രേഖ പ്പെടുത്തപ്പെടുകയും പാപം പൊറുപ്പിക്കപ്പെടുകയും പ ദവി ഉയർത്തപ്പെടുകയും ചെയ്യും.

عَنْ أَبِي هُرَيْرَةَ قَالَ قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ مَنْ تَطَهَّرَ فِي بَيْتِهِ ثُمَّ مَشَى إِلَى بَيْتٍ مِنْ بُيُوتِ اللَّهِ لِيَقْضِيَ فَرِيضَةً مِنْ فَرَائِضِ اللَّهِ كَانَتْ خَطْوَتَاهُ إِحْدَاهُمَا تَحُطُّ خَطِيئَةً وَالأُخْرَى تَرْفَعُ دَرَجَةً

അബൂ ഹുറൈറ നിവേദനം, "ആരെങ്കിലും തന്റെ വീട്ടിൽ വെച്ച് വുളു പിടിച്ച ശേഷം ഏതെങ്കിലുമൊരു നമസ്കാരം നിർവഹിക്കാൻ വേണ്ടി പള്ളിയിലേക്ക് നടന്നുവരുന്നുവെങ്കിൽ അവൻ ഓരോ കാലടി വെക്കുമ്പോഴും അവന്റെ പദവി ഉയരുകയും പാപം മായ്ക്കപ്പെടുകയും ചെയ്യും.

സഹീഹ്, മുസ്ലിം: 666

മറ്റൊരു ഹദീസിൽ ഇപ്രകാരം കാണാം "നിങ്ങളിലാരെങ്കിലുമൊരാൾ ശരിയായി വുളുപിടിച്ച ശേഷം പള്ളിയിലേക്കു പുറപ്പെടുന്നുവെങ്കിൽ തന്റെ വലതു കാൽപാദം ഉയർത്തുമ്പോൾ ഒരു നന്മ രേഖപ്പെടുത്തപ്പെടുകയും ഇടതു കാൽ പാദം വെക്കുമ്പോൾ ഒരു തിന്മ മായ്ക്കപ്പെടുകയും ചെയ്യുന്നതാകുന്നു".

അബൂദാവൂദ്: 563

9- പള്ളിയിലേക്ക് നമസ്കാരത്തിന്നു വേണ്ടി നടക്കുമ്പോഴൊക്കെ സ്വർഗ്ഗത്തിൽ അവനു വേണ്ടി പ്രത്യേകം ഒരുക്കൽ നടത്തപ്പെടുന്നതാണ്.

عن أبي هريرة رضي الله عنه عن النبي صلى الله عليه وسلم قال:" من غدا إلى المسجد أو راح أعد الله له نزلا كلّما غـدا أو راح".

ഒരാൾ പള്ളിയിലേക്ക് പുറപ്പെടുമ്പോഴൊല്ലാം അതു പ്രഭാതത്തിലോ പ്രദോഷത്തിലോ ആകട്ടെ, അവനു വേണ്ടി സ്വർഗ്ഗത്തിൽ വാസസ്ഥലം ഒരുക്കപ്പെടുന്നതാണ്,
മുത്തഫഖുൻ അലൈഹി, ബുഖാരി: 662

**10- അവൻ നമസ്കരിക്കാൻ ഉദ്ദേശിക്കുന്ന നമസ്കാരത്തിൻെറയും അതിനടുത്തതിൻെറയുമിടയിലെ പാപങ്ങളെ അതു മായ്ക്കുന്നു.**

عثمان رضي الله عنه عن النبي صلى الله عليه وسلم قال:
" لا يتوضأ رجل مسلم فيحسن الوضوء ، فيصلي صلاة إلا غفرالله له ما بينه وبين الصلاة التي تليها ".

ഉഥ്മാൻ നിവേദനം നബി തിരുമേനി അരുളി, ഏതൊരു വിശ്വാസിയും നമസ്കാര സമയം ആസന്നമാകുമ്പോൾ അതിനു വേണ്ടി നന്നായി വുളു പിടിക്കുകയും, അതിലെ സാഷ്ടാംഗവും, സുജൂദുമൊക്കെ പൂർണ്ണമായി നിർവഹിക്കുകയും ചെയ്യുന്നുവെങ്കിൽ അതവൻെറ മുൻ പാപങ്ങൾക്കുള്ള പരിഹാരമായിരിക്കും, അവൻ വൻ പാപങ്ങൾ ചെയ്യാതിരിക്കുന്നിടത്തോളം, അതു തുടർന്നു കൊണ്ടയിരിക്കും.
സഹീഹ്, (മുസ്ലിം227)

12- വിശ്വാസി തൻെറ നമസ്കാര സ്ഥലത്തായിരിക്കു മ്പോഴെല്ലാം അവനു വേണ്ടി മലക്കുകൾ പ്രാർത്ഥിച്ചു കൊണ്ടേയിരിക്കും, അതുപോലെത്തന്നെ നമസ്കാരം അവനെ മറ്റു കാര്യങ്ങളിൽ നിന്നും തടയുമ്പോഴെല്ലാം മലക്കുകൾ അവനു വേണ്ടി പ്രാർത്ഥിക്കുന്നു.

അബൂ ഹുറൈറ നിവേദനം ചെയ്യുന്നു, വിശ്വാസിയുടെ പള്ളിയിൽ വെച്ചുള്ള ജമാഅത്ത് നമസ്കാരം തൻെറ വീട്ടിലും അങ്ങാടിയിലുമുള്ള നമസ്കാരത്തെക്കാൾ ഇരുപത്തിയേഴോളം മടങ്ങ് പ്രതിഫലാർഹമാണ്. അതെന്തുകൊണ്ടെന്നാൽ ഒരാൾ പള്ളിയിലേക്ക് വുളു പിടിച്ച് പുറപ്പെടുമ്പോഴെല്ലാം, നമസ്കാരമല്ലാതെ മറ്റൊന്നും അയാൾ ഉദ്ദേശിക്കുന്നില്ലെങ്കിൽ പള്ളിയിലെത്തുന്നതു വരെ അവൻ വെക്കുന്ന ഒരോ കാലടികൾക്കുമനുസരിച്ച് അവൻെറ പദവി ഉയർന്നുകൊണ്ടേയിരിക്കുകയും അവ ൻെറ തിന്മ മാഴ്ക്കപ്പെട്ടുകൊണ്ടുമിരിക്കും, അവൻ പള്ളി യിൽ പ്രവേശിച്ചുകഴിഞ്ഞാലുടൻ മലക്കുകൾ അവനു വേണ്ടി പ്രാർത്ഥിച്ചുകൊണ്ടിരിക്കും, അല്ലാഹുവേ നീ അവനെ അനുഗ്രഹിക്കേണമേ, അവനു പൊറുത്തു കൊടുക്കേണമേ, അവൻെറ പശ്ചാത്താപം സ്വീകരിക്കേണമേ, (അവൻ തൻെറ ആ ഇരിപ്പിൽ ആരെയും ഉപദ്രവിക്കാതിരിക്കുകയും, വുളു നഷ്ടപ്പെടാതിരിക്കുയും ചെയ്യണമെന്ന് നിബന്ധനയുമുണ്ടതിന്).

മുത്തഫഖുൻ അലൈഹി, (മുസ്ലിം 2119)

عن أبي هريرة رضي الله عنه عن النبي صلى الله عليه وسلم

قال: " ألا أدلكم على ما يمحوالله به الخطايا ويرفع به الدرجات ؟

قالوا بلى يا رسول الله، قال: " اسباغ الوضوء علـــى المكـــاره ،

وكثرة الخطا إلى المساجد ، وانتظار الصلاة بعد الصلاة ، فذالكم
الرباط، فذلكم الرباط ".

അബൂഹുറൈറ നിവേദനം, നബി തിരുമേനി അരുളി: പാപം പൊറുക്കപ്പെടുകയും പദവികൾ ഉയർത്തപ്പെടുകയും ചെയ്യുന്ന ഒരു കാര്യം ഞാൻ നിങ്ങളെ അറിയിക്കട്ടെയോ, അവർപറഞ്ഞു, അതേ പ്രവാചകരേ, അറിയിച്ചാലും അവിടുന്നു പറഞ്ഞു, പ്രയാസമുള്ള സന്ദർങ്ങളിൽ വുളു പിടിക്കുകയും പള്ളിയിലേക്കുള്ള കാലടികളുടെ എണ്ണം വർദ്ധിപ്പിക്കുകയും ഒരോ നമസ്കാരത്തിനും ശേഷം അടുത്ത നമസ്കാരം പ്രതീക്ഷിച്ചിരിക്കലുമാണത്, അതുതന്നെയാണ് الرباط എന്നു ഖുർആൻ പറഞ്ഞത്.

സഹീഹ്, (മുസ്ലിം 251)

14- നമസ്കാരത്തിലേക്ക് പുറപ്പെടുന്നവൻെറ പ്രതിഫലം ഇഹ്റാം ചെയ്തു ഹെജ്ജിലേക്കു പുറപ്പെടുന്നവനെപ്പോലെയാണ്.

عَنْ أَبِي أُمَامَةَ أَنَّ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ مَنْ
خَرَجَ مِنْ بَيْتِهِ مُتَطَهِّرًا إِلَى صَلَاةٍ مَكْتُوبَةٍ فَأَجْرُهُ كَأَجْرِ الْحَاجِّ الْمُحْرِمِ
وَمَنْ خَرَجَ إِلَى تَسْبِيحِ الضُّحَى لا يَنْصِبُهُ إِلا إِيَّاهُ فَأَجْرُهُ كَأَجْرِ
الْمُعْتَمِرِ وَصَلَاةٌ عَلَى أَثَرِ صَلَاةٍ لا لَغْوَ بَيْنَهُمَا كِتَابٌ فِي عِلِّيِّينَ

അബൂ ഉമാമയിൽ നിന്നുനിവേദനം നബി തിരുമേനി പറയുകയുണ്ടായി, "വീട്ടിൽനിന്നും വുളു പിടിച്ച് പള്ളിയിലേക്കു പുറപ്പെടുന്നവനുള്ള പ്രതിഫലം ഇഹ്റാമിൽ

പ്രവേശിച്ച ഹാജിയുടെതിന്നു തുല്ല്യമാണ്, ളുഹാ നമസ്കാരത്തിനു വേണ്ടി പുറപ്പെടുകയും അതയാളെ തളർത്തുകയും ചെയ്യുന്നുവെങ്കിൽ അവൻെറ പ്രതി ഫലം "ഉംറ" ക്കു തുല്ല്യമാണ്, നിരർത്ഥകമായ പ്രവർത്തനങ്ങളില്ലാത്ത രണ്ടു നമസ്കാരങ്ങൾക്കിടയിലെ സമയം ഇല്ലിയ്യീനിൽ രേഖപ്പെടുത്തപ്പെടുന്നതാണ്.

അബൂദാവൂദ്, സഹീഹ് തർഗീബ് വ തർഹീബ്(1- 128)

5- കൃത്യമായി നമസ്കരിക്കുന്നതിനിടയിൽ വല്ലപ്പോഴും നഷ്ടപ്പെടുന്ന നമസ്കാരത്തിൽ അവൻ പങ്കെടുത്തതായി രേഖപ്പെടുത്തപ്പെടും.

عَنْ أَبِي هُرَيْرَةَ قَالَ قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ مَنْ تَوَضَّأَ فَأَحْسَنَ وُضُوءَهُ ثُمَّ رَاحَ فَوَجَدَ النَّاسَ قَدْ صَلَّوْا أَعْطَاهُ اللَّهُ جَلَّ وَعَزَّ مِثْلَ أَجْرِ مَنْ صَلاهَا وَحَضَرَهَا لا يَنْقُصُ ذَلِكَ مِنْ أَجْرِهِمْ شَيْئًا

അബൂഹുറൈറ നിവേദനം ചെയ്യുന്നു, നബി പറയുകയുണ്ടായി, ആരെങ്കിലും വുളു പിടിച്ച് പള്ളിയിലേക്ക് നടക്കുകയും അവിടെയെത്തിയപ്പോൾ ആളുകൾ നമസ്കരിച്ചു മടങ്ങുന്നതായിക്കാണുകയും ചെയ്താൽ നമസ്കാരത്തിൽ പങ്കെടുത്തയാളുകൾക്കുള്ള പ്രതിഫലം പോലെ ആയാൾക്കും നൽകപ്പെടും, അവരുടെ പ്രതിഫലത്തിനു യാതൊരു കുറവും വരികയുമില്ല,

സഹീഹ്; അബൂദാവൂദ്: 564

16- നമസ്കരിച്ചു പള്ളിയിലേക്ക് പുറപ്പെടുന്ന ഒരാൾ തിരിച്ചു വീട്ടിലെത്തുന്നതുവരെ നമസ്കരിച്ചു കൊണ്ടിരിക്കുന്നവനെ പ്പോലെയാണ്, അവൻെറ വരവും പോക്കുമെല്ലാം സൽകർമ്മമായി രേഖമപ്പെടുത്തപ്പെടും.

അബൂ ഹുറൈറനിവേദനം "ആരെങ്കിലും തൻെറ വീട്ടിൽ വെച്ച് വുളുചിടിച്ച ശേഷം പള്ളിയിലേക്കു വരികയും കൈകൾ രണ്ടും കൂട്ടിപ്പിടിക്കാതിരിക്കുകയും ചെയതാൽ അവൻ മടങ്ങുന്നതു വരെ നമസ്കാരത്തിലായിരിക്കും".

സഹീഹ്; ഇബ്നി ഖുസൈമ (1- 229)

മറ്റൊരു ഹദീസിൽ ഇപ്രകാരം കാണാവുന്നതാണ്, വീട്ടിൽ നിന്നും പള്ളിയിലേക്ക് പുറപ്പെടുന്ന ഒരാൾ വെക്കുന്ന ഓരോ കാലടികളും അയാളെ നന്മയിലേക്ക് അടുപ്പിക്കുകയും തിന്മയിൽ നിന്ന് വിദൂരത്താക്കുകയും ചെയ്യും.

സഹീഹ്; ഇബ്നിനു ഹിബ്ബാൻ 1620

وآخر دعوانا أن الحمد لله رب العالمين

# منزلة الصلاة في الإسلام

## في ضوء الكتاب والسنة




تأليف: د. سعيد بن علي بن وهف القحطاني

ترجمة / عمر كويا محي الدين


هيثم ٠٥٠١٠٧٣٥٧٣


المكتب التعاوني للدعوة والإرشاد وتوعية الجاليات في شرق جدة

المملكة العربية السعودية - جدة - كيلو ( ١٣ ) طريق مكة القديم - هاتف: ٦٢٠٠٠٠٥ ( ١١١ ) - فاكس: ٦٢٤٠٢٩٨

ص.ب ١٠٢١٣٧ - الرمز البريدي : ٢١٣٢١ - هاتف القسم النسائي : ٦٢٤٤٤٤٢

حساب المكتب : ٢٧٨٦٠٨٠١٠٠٧٤٠٠٧ - مصرف الراجحي